**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **07-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കാവിൽ തീക്കുനി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ, കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കോട്ടപ്പള്ളി കാവിൽ തീക്കുനി റോഡിലൂടെയുള്ള ഗതാഗതം ദുഷ്കരമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദിവസേന ആയിരക്കണക്കിന് ജനങ്ങൾ ആശ്രയിക്കുന്ന ഈ റോഡിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലാണ്. 31.01.2023-ൽ ഡിസി9/ പ്രൈസ്/340/2020 ഉത്തരവ് പ്രകാരം കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ബാലൻസ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്. നിലവിൽ റോഡിൽ രൂപപ്പെട്ടിരിക്കുന്ന വലിയ കുഴികൾ അടച്ച് ഗതാഗതയോഗ്യമാക്കുന്നതിന് 3 ലക്ഷം രൂപയുടെ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ധാരാളം പരാതികൾ ദിവസേന ഉയർന്നുവരുന്ന സാഹചര്യത്തിൽ ഈ റോഡിലെ കുണ്ടും കുഴിയും നികത്തി ഗതാഗതയോഗ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | റോഡിൽ രൂപപ്പെട്ടിരിക്കുന്ന വലിയ കുഴികൾ അടച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട് |
| (സി) | പ്രവൃത്തി പാതിവഴിയിൽ നിർത്തിവച്ചത് കാരണം ആയഞ്ചേരി ടൗണിൽ പൊടിശല്യം രൂക്ഷമായിരിക്കുന്നതും ഉപജീവനത്തിന് കച്ചവടക്കാർ ഉൾപ്പെടെയുള്ളവർ പ്രയാസപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി റോഡിൽ രൂപപ്പെടുന്ന കുഴികൾ അടച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ